# Siraj

# 25 July 2018

# Kodamangalam, After Flood, Flood Relief, Flood Victims

## പ്രളയബാധിത മേഖലയിൽ എസ് വൈ എസിന്റെ സാന്ത്വനം

**കോതമംഗലം:** വെള്ളപ്പൊക്കത്തെ തുടർന്ന് ദുരിതത്തിലായ തങ്കളം ജവഹർ കോളനിയിൽ എസ് വൈ എസ് സാന്ത്വന സമിതിയുടെ നേതൃത്വത്തിൽ ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തു. കോളനിയിലെ 35 ഓളം കുടുംബങ്ങൾക്കാണ് സംഘടന സഹായം എത്തിച്ചത്. കഴിഞ്ഞ ദിവസങ്ങളിൽ പുഴയിൽ വെള്ളം ഉയർന്നതോടെ ഇവിടുത്തെ വീടുകളിലെല്ലാം വെള്ളം കയറിയിരുന്നു. അപ്രതീക്ഷിതമായ വെള്ളപ്പൊക്കം മേഖലയിൽ വലിയ നാശനഷ്ടങ്ങളും ഉണ്ടാക്കി. നിത്യോപയോഗ സാധനങ്ങളടക്കം വെള്ളം കയറി നഷ്ടപ്പെട്ടു. തൊഴിലിന് പോകാൻ കഴിയാതെയും വന്ന സാഹചര്യത്തിൽ കോളനി നിവാസികൾ ദുരിതത്തിലായിരുന്നു. ഈ സാഹചര്യത്തിൽ സാന്ത്വന സമിതി നടത്തിയ ഇടപെടൽ ആശ്വാസമായി. സമിതി പ്രസിഡന്റ് അബ്ബാസ് സഖാഫി, സെക്രട്ടറി ടി എം ഇബ്രാഹിം, ഇളമ്പ്ര ജുമുഅ മസ്ജിദ് സെക്രട്ടറി മീരാൻ മംഗലശ്ശേരി, ഇബ്രാഹിം വട്ടക്കുടി, മീരാൻ മൗലവി തുടങ്ങിയവർ സംബന്ധിച്ചു.



വെള്ളപ്പൊക്കത്തെ തുടർന്ന് ദുരിതത്തിലായ തങ്കളം ജവഹർ കോളനിയിൽ എസ് വൈ എസ് സാന്ത്വന സമിതിയുടെ നേതൃത്വത്തിൽ ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്യുന്നു

## ചാന്ദ്രദിന പരിപാടികൾ നടത്തി

**ആലുവ:** ചാലക്കൽ ദാറുസലാം എൽ പി സ്കൂളിൽ ചാന്ദ്രദിന പരിപാടികൾ നടന്നു. സ്കൂൾ ശാസ്ത്ര ക്ലബ്ബ് രൂപവത്കരിച്ചു കൊണ്ട് സ്കൂൾ പ്രധാന അധ്യാപകൻ കെ എ ഫാഹിം പരിപാടികൾ ഉദ്ഘാടനം ചെയ്തു.